(16) ആലപ്പുഴ തുറമുഖം കൊച്ചി തുറമുഖത്തിന്റെ ഉപതുറമുഖം ആക്കുന്നത് സംബന്ധിച്ച്

ശ്രീ. വി. ദിനകരൻ: സർ, അങ്ങുകൂടി താൽപര്യമെടുത്തിട്ടുള്ള ആലപ്പുഴ തുറമുഖം അതിപുരാതനമായ ഒരു തുറമുഖമാണ്. ഇന്ന് കപ്പലടുക്കാത്ത കേരളത്തിലെ ഏകതുറമുഖവും ആലപ്പുഴ തുറമുഖമാണ്. ആലപ്പുഴയിൽ ഉൽപാദിപ്പിക്കുന്ന കയർപോലും ഇന്നു കൊച്ചി, അതിഴ്നാട് എന്നിവിടങ്ങളിൽനിന്നാണ് കയറി അയയ്ക്കുന്നത്. ആലപ്പുഴ തുറമുഖം കൊച്ചിയുടെ ഒരു ഉപതുറമുഖം ആക്കണമെന്നാണ് ആലപ്പുഴക്കാരായ ഞങ്ങളെല്ലാപേരും ആവശ്യപ്പെട്ടിട്ടുള്ളത്. ശ്രീ. കെ. പി. രാമചന്ദ്രൻനായർ തന്നെ ഇക്കാര്യത്തിൽ മുൻകൈ എടുത്തിട്ടുണ്ട്. കൊച്ചിയിൽ സാധനങ്ങൾ കയറ്റിറക്കു നടത്താൻ ആവശ്യമായ സൗകര്യങ്ങൾ ഇല്ലാതെ വരുമ്പോൾ അന്യ സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുകയാണ്. ആലപ്പുഴ, കൊച്ചി തുറമുഖത്തിന്റെ ഒരു ഉപതുറമുഖമാക്കി വികസിപ്പിക്കാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ സംസ്ഥാനഗവൺമെന്റ് തയ്യാറാകണം.

ഏക്സൈസ്വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ): സർ, ആലപ്പുഴ തുറമുഖം 4 വർഷമായി പ്രവർത്തനരഹിതമായി കിടക്കുകയാണ്. ആലപ്പുഴ തുറമുഖം കൊച്ചി തുറമുഖത്തിന്റെ ഒരു സബ്സിഡിയറി പോർട്ടായി അംഗീകരിക്കണമെന്ന് സെൻട്രൽ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി. അത് അവർ നിരാകരിച്ചിരിക്കുകയാണ്. അതിന്റെ കാരണങ്ങളും അവർ പറഞ്ഞിട്ടുണ്ട്. ഒരു കൺടെയിനർ ഡിപ്പോ അവിടെ തുടങ്ങാമെന്ന് വിചാരിച്ചു. അതിനും സെൻട്രൽ ഗവൺമെന്റ് അനുകൂലമായ അഭിപ്രായമല്ല നൽകിയിട്ടുള്ളത്. അവിടത്തെ കയറുമതി കയറാണ്. അത് കൺടെയിനർവഴി കൊച്ചിയിൽനിന്നു കയറി അയയ്ക്കുകയാണ്. അതുകൊണ്ട് അവിടത്തെ കയറുമതി വികസനം വളരെ താഴെയായിട്ടുണ്ട്, നിശ്ശേഷം ഇല്ല എന്നുതന്നെപറയാം. എങ്കിലും ആലപ്പുഴ തുറമുഖം ഏതെങ്കിലും തരത്തിൽ പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നതും ശ്രമിക്കാം.

(17) മന്നം ഷുഗർമിൽ നേരിടുന്ന പ്രതിസന്ധി

ശ്രീ. വി. കേശവൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതും വ്യവസായങ്ങളൊന്നുമില്ലാത്തതുമായ പത്തനംതിട്ട ജില്ലയിൽ പ്രവർത്തിച്ചു വരുന്ന പന്തളം മന്നം ഷുഗർമിൽ ഇന്നൊരു പ്രതിസന്ധിയെ നേരിടുകയാണ്. അവിടെ 2 വർഷമായി പഞ്ചസാര ഉൽപ്പാദനം നടക്കുന്നില്ല. 15 കോടിരൂപ മുടക്കി ആരംഭിച്ച ഈ സ്ഥാപനം ഇന്നു തകർന്നു കിടക്കുകയാണ്. 1983-ൽ ഐ. ഏഫ്. സി. ഐ. യിൽ നിന്നെടുത്ത ലോൺ കുടിശ്ശിക അടയ്ക്കാത്തതിന്റെ ഫലമായി അവർ മൂന്നരകോടി രൂപയുടെ ജപ്തി നടപടികളുമായി വന്നിരിക്കുകയാണ്. ഗവൺമെന്റ് ഈ മില്ല് ലിക്വിഡേറ്റ് ചെയ്യാൻ തീരുമാനമെടുത്തു. ഇവിടത്തെ തൊഴിലാളി യൂണിയനുകളും നാട്ടുകാരും ഇടപെട്ടു ഗവൺമെന്റിൽ നിവേദനം നടത്തിയതിന്റെ ഫലമായി തൽക്കാലം ലിക്വിഡേഷൻ നിർത്തിവച്ചു. ഐ. ഏഫ്. സി. ഐ. യുമായി ഗവൺമെന്റ് നെഗോഷ്യിയേഷൻ നടത്തിയതിന്റെ ഫലമായി മൂന്നര കോടി

LIBRARY ARCHIVES Kerala Legislative Assembly